(ബി) വർദ്ധനവ് ഓരോ തവണയും കിലോമീറ്ററിന് എത്ര രൂപയായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്പോഴത്തെ ഡീസൽ, പെട്രോൾ, പാചകവാതകം എന്നിവയുടെ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ ബസ്സ്, ലോറി, ടാക്സി, ഓട്ടോ ഇവയുടെ ചാർജ്ജ് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കിലോമീറ്ററിന് എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒരു തവണ. ലോറിയ്ക്ക് (കരാർ അടിസ്ഥാനത്തിലോടുന്ന വാഹനങ്ങൾക്ക്) നിരക്ക് നിശ്ചയിച്ചിട്ടില്ല.

(ബി) ഓട്ടോറിക്ഷ—കി.മീറ്ററിന് 50 പൈസ.

ടാക്സി (മോട്ടോർ ക്യാബ്) (പെട്രോൾ)—കി.മീറ്ററിന് 50 പൈസ.

ടാക്സി (ഡീസൽ)—കി.മീറ്ററിന് 1 രൂപ.

ബസ്സ് (സ്റ്റേജ് കാര്യേജ്)

ഓർഡിനറി/മൊഫ്യൂസിൽ സർവ്വീസുകൾ (സിറ്റി, ടൗൺ സർവ്വീസ് ഉൾപ്പെടെ)—7 പൈസ.

ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ—8.5 പൈസ.

സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ—9 പൈസ.

സൂപ്പർ എക്സ്പ്രസ്സ് സർവ്വീസുകൾ—10.5 പൈസ.

സൂപ്പർ ഡീലക്സ് സർവ്വീസുകൾ—13.00 പൈസ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പി.എസ്.സി. ലിസ്റ്റിൽനിന്നു നിയമിച്ച എം.പാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി

106 [560] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. കണ്ടക്ടർ നിയമനത്തിൽ പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ ലിസ്റ്റിന് പുറത്തുനിന്ന് എം.പാനൽ കണ്ടക്ടർമാരെ നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമിച്ച എം.പാനൽ കണ്ടക്ടർമാരെ സ്ഥിരം ജീവനക്കാരായി പരിഗണിച്ച് അവർക്ക് അർഹതപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എം.പാനൽ കണ്ടക്ടർമാരെ നിയമിക്കുന്നത് ചില അത്യാവശ്യ സാഹചര്യങ്ങളിൽ മാത്രമാണ്. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതിയോടുകൂടിയാണ്. പി.എസ്.സി.-യിൽനിന്നും നിയമനം നടത്തുന്ന മുറയ്ക്ക് മുഴുവൻ താൽക്കാലിക ജീവനക്കാരെയും ഒഴിവാക്കുന്നതാണ്.

(ബി) 168 എൻ.ജെ.ഡി. ഒഴിവുകളിലേയ്ക്കും 851 പുതിയതായി ഉണ്ടായ ഒഴിവിലേയ്ക്കും നിയമിക്കുന്നതിന് അഡ്വൈസ് ലിസ്റ്റ് കെ.പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 3000 പേരുടെ ലിസ്റ്റ്-ഉം കെ.പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതു സംബന്ധമായ കേസ് കോടതിയിൽ നിലനിൽക്കുന്നു. കേസിന്റെ വിധി അനുസരിച്ചും കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

നിർത്തലാക്കിയ സ്റ്റേ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

107 [561] ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്:

" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ കഴിയുന്നത്ര നിലനിർത്തുകയെന്നുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയം ശക്തമായിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സംസ്ഥാനമാകെ നിർത്തലാക്കിയ സ്റ്റേ സർവ്വീസുകൾ പുനരാരംഭിച്ച് യാത്രാ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇങ്ങനെ പുനരാരംഭിക്കുന്ന സ്റ്റേ സർവ്വീസുകളുടെ ഏണിംഗ് പെർ കിലോമീറ്റർ മാത്രം പരിഗണിക്കാതെ സേവനമെന്ന ജനോപകാര നടപടിയായി സ്റ്റേ സർവ്വീസുകളെ പരിഗണിക്കുമോ;

(സി) വിവിധ ഇടത്തരം നഗരങ്ങളിലെ വ്യാപാര സ്ഥാപനങ്ങളിലും മറ്റ് നിർമ്മാണത്തൊഴിൽ രംഗത്തും പണിയെടുക്കുന്നവർക്ക് ഏക പോംവഴിയായി സ്റ്റേ സർവ്വീസുകളെ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly